**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3422** **21-12-2012 - ലെ മറുപടിയ്ക്ക്**

## "പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കാനുള്ള സംവിധാനം"

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. ബേബി | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മുൻ വർഷം കൊപ്ര സംഭരണം പരാജയപ്പെടാനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ ; | (എ) | മുൻ വർഷം നാളികേരത്തിന്റെ വിപണിവില കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയേക്കാൾ ഉയർന്നു നിന്നിരുന്നതിനാൽ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നടത്തിയിരുന്നില്ല. |
| (ബി) എത്ര ടൺ കൊപ്ര സംഭരിക്കുകയുണ്ടായി; ടാർജറ്റ് എത്രയായിരുന്നു; വെളിപ്പെടുത്തുമോ ; | (ബി) | കേരഫെഡ് താങ്ങുവില പദ്ധതിയനുസരിച്ച് കൊപ്ര സംഭരണം നടത്തിയിരുന്നില്ല. മാർക്കറ്റ്ഫെഡ് 2010 ൽ 3953 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. |
| (സി) ഈ വർഷം കൊപ്ര സംഭരണത്തിനുള്ള ടാർജറ്റും നടപടികളും വിശദമാക്കുമോ ; | (സി) | 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ടകൊപ്രയ്ക്ക് 5350 രൂപയ്ക്കും പൊതിച്ച നാളികേരം 1400 രൂപ നിരക്കിലുമാണ് സംഭരണം നടത്തുന്നത്. അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന കേരളത്തിൽ ഇടുക്കി, വയനാട് ജില്ലകളൊഴിച്ചുള്ള എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചു വരുന്നു. കൊപ്ര സംഭരണം സംബന്ധിച്ച് 17-10-12 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ വഴി 50,000 ടൺ കൊപ്ര സംഭരിയ്ക്കുവാൻ തീരുമാനിക്കുകയും ഇതേ തുടർന്ന് ജില്ല തിരിച്ച് ടാർജറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. സംഭരണം നടത്തുന്ന സംഘങ്ങൾക്ക് നാഫെഡ് നൽകുന്ന തുകയ്ക്ക് പുറമെ ചാക്കൊന്നിന് 10 രൂപ നിരക്കിൽ സബ്സിഡിയും ഒരു ക്വിന്റൽ കൊപ്രയ്ക്ക് 500 രൂപ നിരക്കിൽ ഇൻസെന്റീവും നൽകുവാൻ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| (ഡി) പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കാനുള്ള സംവിധാനം നിലവിലുള്ള സൊസൈറ്റികൾ എത്രയാണ്; ഇത് എത്ര സൊസൈറ്റികളിൽ ഏർപ്പെടുത്താനായിരുന്നു ലക്ഷ്യം; ഇപ്പോൾ എത്ര സംഘങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയുണ്ടായി; ഈ വർഷം ഇതിനകം സംഭരിച്ച കൊപ്ര എത്ര; വ്യക്തമാക്കുമോ? | (ഡി) കേരഫെഡ് മുഖാന്തിരം സംഭരണം നടത്തുന്നതിൽ 18 സഹകരണ സംഘങ്ങളും 43 നാളികേര ഉൽപാദക സംഘങ്ങളും ഇപ്പോൾ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. മാർക്കറ്റ്ഫെഡ് മുഖേന 23 സംഘങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നത്. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കാനുള്ള സംവിധാനം ഉള്ള സഹകരണ സംഘങ്ങളിലുടെയാണ് ഇപ്പോൾ പച്ച നാളികേരം സംഭരിക്കുന്നത്. നാളിതുവരെ കേരഫെഡ് മുഖാന്തിരം 10115 MT കൊപ്ര സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് മുഖാന്തിരം 7120 ടൺ കൊപ്രയാണ് സംഭരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**